## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 12, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

47 (*451) വൈദ്യുതി ബോർഡിന് കിട്ടാനുള്ള കുടിശ്ശിക

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിനായി വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുന്നതിനുപുറമെ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ ചെയ്യുകയും 'ഒറ്റത്തവണ തീർപ്പാക്കൽ', 'വൈദ്യുതി അദാലത്തുകൾ' തുടങ്ങി പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കുടിശ്ശികയുള്ള മുഴുവൻ സർക്കാർ സ്ഥാപനമേധാവികൾക്കും

'ഒറ്റത്തവണ തീർപ്പാക്കൽ' സംബന്ധിച്ച് അറിയിപ്പ് നൽകുകയും HT ഉപഭോക്താക്കൾ വൈദ്യുതി ബിൽ വീഴ്ച കൂടാതെ അടയ്ക്കണമെന്ന് നിർദ്ദേശം നൽകുകയും മറ്റ് ഉപഭോക്താക്കളുടെ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേരള ജല അതോറിറ്റിയിൽനിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള 1326.69 കോടി രൂപയിൽ 2 ഗഡുക്കൾ പൂർണ്ണമായും മൂന്നാം ഗഡു ഭാഗികമായും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ആരോഗ്യവകുപ്പ് സ്ഥാപനങ്ങളുടെ 30.06.2018-വരെയുള്ള കുടിശ്ശികയും ലഭിച്ചിട്ടുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി മോഷണം തടയുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഫിക്സഡ് ചാർജ്ജിനത്തിൽ 76.62 കോടി രൂപയുടെയും ഗാർഹിക ഉപഭോഗത്തിന് 151.19 കോടി രൂപയുടെയും ഇളവുകൾ നൽകുകയും ഓൺലൈൻ പേമെന്റിന് റിബേറ്റ് ഇനത്തിൽ 8.69 കോടിരൂപ നൽകുകയും ചെറുകിട-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ജൂലൈ മുതൽ ഡിസംബർ വരെയുള്ള ഫിക്സഡ് ചാർജ്ജ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന

കാർഷികോത്പാദക ഏജൻസികൾക്ക് മൂന്നുമാസത്തെ വൈദ്യുതി ഡിമാന്റ് ചാർജ്ജിൽ ഇളവും കാർഷിക മേഖലയ്ക്ക് സബ്സിഡി നൽകുകയും ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരികയുമാണ്. കവേർഡ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതാണെന്നും ഗാർഹിക കണക്ഷനുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പട്ടികവർഗ്ഗ കോളനികൾക്ക് ബിൽ ഇളവ് അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

48 (*452) <u>വിദ്യാശ്രീ പദ്ധതി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, കെ.എസ്.എഫ്.ഇ. 'വിദ്യാശ്രീ' പദ്ധതി പ്രകാരം വിതരണം ചെയ്ത കൊക്കോണിക്സ് കമ്പനിയുടെ ലാപ്ടോപ്പുകൾ തകരാറായതായി വ്യാപക പരാതികൾ വന്ന സാഹചര്യത്തിൽ അവ തിരിച്ചേൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ കാലതാമസം വരുത്തിയ HP, LENOVO കമ്പനികൾക്കെതിരെ നിയമനടപടി

സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യാൻ വൈകുന്നതിനാലും പദ്ധതി പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പൊതുവിപണിയിൽനിന്നും ലാപ്ടോപ്പ്/ ടാബ്‌ലെറ്റ് വാങ്ങി ഇൻവോയിസ്/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ഇവയുടെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക ഗുണഭോക്താക്കൾക്ക് വായ്പയായി അനുവദിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. 4845 പേരാണ് കൊക്കോണിക്സ് ലാപ്ടോപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ളതെന്നും നടപടിക്രമങ്ങൾ പാലിച്ചുതന്നെയാണ് പ്രസ്തുത കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയതെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

49 (*453) <u>വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ പാർക്കുകൾക്കനുയോജ്യമായ ഭൂമി ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ് നടത്തി ഭരണാനുമതി

ലഭ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയാണ് കിൻഫ്ര വ്യാവസായികാവശ്യങ്ങൾക്ക് കൈമാറുന്നതെന്ന് സഭയെ അറിയിച്ചു. അപ്പാരൽ പാർക്ക്, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങി നിരവധി പദ്ധതികൾ കിൻഫ്ര നടപ്പാക്കിയിട്ടുണ്ടെന്നും മട്ടന്നൂരിൽ കിൻഫ്ര വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും പയ്യന്നൂരിൽ ഐ.ടി. വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ കൈമാറ്റൽ പ്രക്രിയ പൂർത്തിയാകുന്നമുറയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ടെന്നും പ്രസ്തുത പാർക്കിൽ നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ഫാർമസ്യൂട്ടിക്കൽസ് പാർക്ക്, മെഡിക്കൽ ഡിവൈസസ് പാർക്ക്, കൺസ്യൂമബിൾ പാർക്ക് എന്നിവ ആരംഭിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിന് 'കേന്ദ്രീകൃത ഇൻസ്പെക്ഷൻ പോർട്ടൽ' തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി

നല്കുന്നതിന് 'Unified Lease Policy' പുറപ്പെടുവിക്കുന്നതിനും ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്കായി അന്തർദേശീയ നിലവാരത്തിലുള്ള Exhibition cum Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിനും കോട്ടയം ടെക്സ്റ്റൈലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും സിഡ്കോ, വ്യവസായകേന്ദ്രം എന്നിവയുടെ കീഴിലുള്ള എസ്റ്റേറ്റുകൾ നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.